സഹകരണ സ്ഥാപനവും സ്റ്റാമ്പ് ഡ്യൂട്ടി വ്യവസ്ഥയും

275 (1360) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോ-ഓപ്പറേറ്റീവ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത പ്രവർത്തിച്ചു വരുന്ന ഒരു സഹകരണ സ്ഥാപനവും അതിലെ ഒരു അംഗവും തമ്മിലുള്ള ഇടപാടുകൾക്ക് സ്റ്റാമ്പ് ഡ്യൂട്ടി വ്യവസ്ഥ ബാധകമാണോ; നിലവിലുള്ള വ്യവസ്ഥകൾ വിശദമാക്കാമോ; എന്ന് മുതലാണ് സ്റ്റാമ്പ് ഡ്യൂട്ടി വ്യവസ്ഥ ഏർപ്പെടുത്തിയിരുന്നത്;

(ബി) ഇത് ഒഴിവാക്കണമെന്ന ആവശ്യം സഹകരണ രംഗത്തിൽനിന്നും ഉന്നയിച്ചിട്ടുണ്ടോ; നിലപാട് വിശദമാക്കുമോ;

(സി) സഹകരണ സംഘവും അതിലെ അംഗങ്ങളും തമ്മിൽ നടന്ന ഏതെങ്കിലും കൈമാറ്റ നടപടിയ്ക്ക് സ്റ്റാമ്പ് ഡ്യൂട്ടി ഏർപ്പെടുത്തുകയും അത് ഈടാക്കുന്നതിന് റിക്കവറി നടപടി ആരംഭിക്കുകയും ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) സഹകരണ സ്ഥാപനങ്ങളുടെ ആഫീസിനും വികസന പദ്ധതികൾക്കും വേണ്ടി വാങ്ങാത്ത ഭൂമിക്ക് രജിസ്ട്രേഷൻ ഫീസ് ഇളവ് നൽകിയിട്ടുള്ളത് ഏത് വ്യവസ്ഥ പ്രകാരമാണ്; ഇത് നിലവിലുണ്ടോ?

ഉത്തരം

(എ) 8-10-1960-ലെ G.O.(Ms) 795/60/Agri. നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ Co-operative Societies Act പ്രകാരം രജിസ്റ്റർ ചെയ്ത പ്രവർത്തിച്ചുവരുന്ന സഹകരണ സ്ഥാപനങ്ങൾക്ക് മുദ്ര ഇളവ് അനുവദിച്ചിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം ഒരു രജിസ്റ്റേർഡ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്കുവേണ്ടി ടി സൊസൈറ്റിയിലെ ഏതെങ്കിലും മെമ്പറോ ആയതിലെ ഉദ്യോഗസ്ഥനോ ടി സൊസൈറ്റിയുടെ ബിസിനസ് ആവശ്യവുമായി ബന്ധപ്പെട്ട് എഴുതികൊടുക്കുന്ന ആധാരങ്ങൾക്കാണ് മുദ്രവില സൗജന്യം അനുവദിച്ചിട്ടുള്ളത്. ടി സർക്കാർ ഉത്തരവിന്റെ വ്യാപ്തി (Scope) സംബന്ധിച്ച് WA No. 1216/07 തുടങ്ങിയ ബാച്ച് കേസ്സിൽ ബഹുമാനപ്പെട്ട ഹൈക്കോടതി ഫുൾ ബഞ്ചിന്റെ 18-12-2014-ലെ ഉത്തരവിൽ സൊസൈറ്റിയുടെ ബിസിനസ് ആവശ്യാർത്ഥം സൊസൈറ്റിയോ സൊസൈറ്റിക്കുവേണ്ടി ഓഫീസറോ, സൊസൈറ്റിക്കുവേണ്ടി മെമ്പറോ എഴുതി കൊടുക്കുന്ന ആധാരങ്ങൾക്ക്, സൊസൈറ്റി മുദ്ര ഒട്ടിക്കാൻ ബാദ്ധ്യസ്ഥമാകുന്ന

LIBRARY ARCHIVES Kerala Legislative Assembly

അവസരങ്ങളിൽ മാത്രമാണ് ഇളവ് ലഭ്യമാകുന്നത് എന്ന് വ്യക്തമാക്കിയിരിക്കുന്നു. കൂടാതെ ടി കോടതി ഉത്തരവിന്റെ 23-ാം ഖണ്ഡികയിൽ സഹകരണസംഘം ഭൂമി വാങ്ങുന്ന ആധാരങ്ങളിൽ വസ്തു ഉടമ എന്ന നിലയിൽ സംഘാംഗം ഒപ്പിട്ടിരുന്നാൽ മതിയെന്നും ആയത് സംഘത്തിനുവേണ്ടി അദ്ധ്യക്ഷനെന്നോ സ്ഥാനം നിലയിൽ ആരെന്നോ ഉള്ള ഡ്യൂട്ടി ഇളവിന് അർഹരാ ഇല്ലെന്ന് വ്യക്തമാക്കിയിരിക്കുന്നു. ഹൈക്കോടതിയുടെ ഡിവിഷൻബെഞ്ച് WA 631/15 നമ്പർ കേസ്സിൽ 17-3-2015 -ൽ വിധിന്യായം പുറപ്പെടുവിച്ചിട്ടുണ്ട്. ടി വിധി ന്യായത്തിനെതിരെ അപ്പീൽ (SLA(C) No. 13021/15) ഫയൽ ചെയ്യപ്പെട്ടതിനാൽ ടി വിഷയം ഇപ്പോൾ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ പരിഗണനയിലാണ്.

(ബി) ഇല്ല.

(സി) സഹകരണ സംഘങ്ങളുമായി ബന്ധപ്പെട്ട ആധാരങ്ങൾക്ക് സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് നൽകുന്നത് സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള 8-10-1960-ലെ G.O. (Ms) 795/60/Agri. നമ്പർ സർക്കാർ ഉത്തരവിന്റെ വ്യാപ്തി സംബന്ധിച്ച് സുപ്രധാനമായ ഉത്തരവ് ഹൈക്കോടതിയുടെ ഫുൾ ബെഞ്ച് 18-12-2014-ന് പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത വിധിന്യായത്തിലൂടെ പ്രഖ്യാപിക്കപ്പെട്ട നിയമ തത്വങ്ങളുടെ അടിസ്ഥാനത്തിൽ ഹൈക്കോടതി ഡിവിഷൻ ബെഞ്ച് W.A.630/2015, W.A. 631/2015 എന്നീ കേസുകളിൽ 17-3-2015-ന് പുറപ്പെടുവിച്ച പൊതുവിധിന്യായത്തിൽ സഹകരണ സംഘങ്ങൾ വസ്തു വിറ്റ് വാങ്ങുന്ന വിലയാധാരങ്ങൾക്ക് മുദ്രവിലയിളവിന് അർഹതയില്ലെന്ന് വിധി പ്രസ്താവിച്ചിരിക്കുന്നു. മേൽപ്പറഞ്ഞ വിധന്യായങ്ങളിലൂടെ വ്യക്തമാക്കപ്പെട്ടിട്ടുള്ള നിയമപരമായ നില (legal position)-യുടെ അടിസ്ഥാനത്തിൽ സഹകരണ സംഘത്തിന്റെ പേരിൽ വസ്തു ഉടമ എന്ന നിലയിൽ അംഗം എഴുതിക്കൊടുക്കുന്ന ആധാരങ്ങൾക്ക് സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് ലഭ്യമല്ലാത്ത സാഹചര്യം ഉണ്ടായിരിക്കുന്നു. അതുകൊണ്ടാണ് അപ്രകാരമുള്ള ആധാരങ്ങൾക്ക് സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് ലഭ്യമല്ലാതെ വന്നിട്ടുള്ളത്. ജില്ലാ രജിസ്ട്രാർമാർ, ലാന്റ് റവന്യൂ കമ്മീഷണർ എന്നിവർ ഇത്തരം ആധാരങ്ങളെ സംബന്ധിച്ച് കേരള മുദ്രപത്ര നിയമത്തിലെ വകുപ്പുകൾ പ്രകാരം ഉത്തരവുകൾ നൽകുമ്പോഴാണ് റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കേണ്ടിവരുന്നത്. അപ്രകാരം നടപടി സ്വീകരിക്കുന്നുണ്ട്.

(ഡി) 8-10-1960-ലെ G.O. (Ms) 795/1960/Agri നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സഹകരണ സ്ഥാപനങ്ങളുടെ ബിസിനസ് ആവശ്യത്തിനു വേണ്ടി രജിസ്റ്റർ ചെയ്ത ആധാരങ്ങൾക്കാണ് മുദ്ര ഇളവ് അനുവദിച്ചിട്ടുള്ളത്. ടി ഉത്തരവ് പ്രകാരം ഫീസ് ഇളവ് നൽകിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly